# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 539 — 28.09.2016-ൽ മറുപടിക്ക്

## ആദിവാസികളുടെ പുനരധിവാസം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. : ആന്റണി ജോൺ | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) | |
| എ) | കോതമംഗലം താലൂക്കിലെ കുട്ടമ്പുഴ പഞ്ചായത്തിലെ പന്തപ്രയിൽ കുടിൽ കെട്ടി താമസിക്കുന്ന ആദിവാസികളുടെ പുനരധിവാസ നടപടി ഏതു ഘട്ടം വരെയായിയെന്ന് വിശദമാക്കുമോ; | എ) | പന്തപ്രയിൽ താമസിക്കുന്ന 67 കുടുംബങ്ങൾക്കും വാരിയം, ഉറിയംപെട്ടി കോളനികളിൽ ഇവർക്ക് കൈവശമുണ്ടായിരുന്ന ഭൂമിയ്ക്ക് വനാവകാശ കൈവശരേഖ നൽകുന്ന നടപടി അന്തിമ ഘട്ടത്തിലാണ്. |
| ബി) | ഇവർക്ക് വനാവകാശ നിയമപ്രകാരം അർഹമായ ആനുകൂല്യങ്ങളായ കൃഷിഭൂമി, പാർപ്പിട നിർമ്മാണത്തിനുള്ള ധനസഹായം എന്നിവ എപ്പോൾ ലഭ്യമാകുമെന്ന് വ്യക്തമാക്കുമോ ; | ബി) | ടി 67 കുടുംബങ്ങൾ വാരിയം, ഉറിയംപെട്ടി കോളനികളിൽ ലഭിച്ച കൈവശരേഖ വനംവകുപ്പിന് സറണ്ടർ ചെയ്യുന്ന നടപടി പൂർത്തിയാക്കി ഓരോ കുടുംബത്തിനും 2 ഏക്കർ ഭൂമി വീതം നൽകുന്നതും പാർപ്പിട നിർമ്മാണത്തിനുള്ള ധനസഹായം അനുവദിക്കുന്നതുമാണ്. |
| സി) | എറണാകുളം ജില്ലാ കളക്ടർ ചെയർമാനായി രൂപീകരിച്ചിട്ടുള്ള ജില്ലാ ലവൽ പുനരധിവാസ കമ്മിറ്റി പുനരധിവാസ നടപടികൾ പൂർത്തീകരിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സി) | അതീവ ദുർഘട മേഖലയിൽ സ്ഥിതിചെയ്യുന്നതിനാൽ വാരിയം, ഉറിയംപെട്ടി കോളനികളിലെ സർവ്വെ നടപടികൾ പൂർത്തിയാക്കാൻ കാലതാമസമുണ്ടായെങ്കിലും പുനരധിവാസം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതമായി നടന്നു വരുകയാണ്. |
| ഡി) | എങ്കിൽ തുടർ നടപടി വിശദമാക്കുമോ ? | ഡി) | ഇപ്പോൾ പന്തപ്രയിൽ താമസിക്കുന്ന 67 കുടുംബങ്ങളിൽ 43 കുടുംബങ്ങളുടെ അപേക്ഷകൾ ജില്ലാ സമിതി പാസാക്കിയിട്ടുണ്ട്. ശേഷിക്കുന്ന 24 പേരുടെ അപേക്ഷ 27.09.2016 -ലെ ജില്ലാ സമിതി പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ